## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 562 11.6.2013- ലെ മറുപടിക്ക്

## നികുതി വകുപ്പിൽ ഇ- പേയ്മെന്റ് സംവിധാനം

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | നികുതി വകുപ്പിൽ 01-09-2009 മുതൽ ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. നികുതിദായകരുടെ റിട്ടേൺ പേയ്മെന്റ്, മുൻകൂർ നികുതി, രജിസ്ട്രേഷൻ പുതുക്കൽ, ബ്രാഞ്ച് രജിസ്ട്രേഷൻ, സെയിൽസ്പ്ലാൻ പെർമിറ്റ്, കോമ്പൗണ്ടിംഗ് പേയ്മെന്റ് തുടങ്ങിയ സേവനങ്ങൾക്ക് ഇ-പേയ്മെന്റ് ബാധകമാക്കിയിട്ടുണ്ട്. കൂടാതെ റ്റി.ഡി.എസ് ഒടുക്കുന്നതിനും ഇതുവഴി സാധിക്കും. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വ്യാപാരികളുടെ റിട്ടേൺ സമർപ്പണവുമായി ബന്ധപ്പെടുത്തിയാണ് ഇ- പേയ്മെന്റ് സംവിധാനം നിലവിലുള്ളത്. വ്യാപാരികളുടെ ഒരുമാസത്തെ വിറ്റുവരവും അവർ കൈകാര്യം ചെയ്യുന്ന ചരക്കും നൽകുമ്പോൾ സിസ്റ്റം തന്നെ നികുതി |

| | | | |
|---|---|---|---|
| | | | നിർണ്ണയിക്കുകയും ഇ-പേയ്മെന്റ് വഴി സുഗമമായി ഒടുക്കാവുന്ന വിധത്തിലുമാണ് ഈ സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. ആയതിനാൽ വ്യാപാരികൾക്ക് വാണിജ്യ നികുതി ഓഫീസുകൾ സന്ദർശിക്കാതെ തന്നെ റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി ഒടുക്കുന്നതിനും കഴിയും. ഈ പേയ്മെന്റിനാവശ്യമായ തുക മാത്രം എസ്.ബി.ഐ അല്ലെങ്കിൽ എസ്.ബി.റ്റി എന്നീ ബാങ്കുകളിൽ സീറോ ബാലൻസ് അക്കൗണ്ടുകളിൽ നിന്നും ഒടുക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പാക്കുന്നത് ; | (സി) | ബാങ്കുകളുടേയും, ട്രഷറികളുടേയും സഹായത്തോടെയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. നിലവിൽ എസ്.ബി.ഐ, എസ്.ബി.റ്റി എന്നീ രണ്ടു ബാങ്കുകളിലൂടെയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. |
| (ഡി) | നികുതി വകുപ്പിലെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഇ-പേയ്മെന്റ് ഒരു കേന്ദ്രീകൃത സംവിധാനമായതിനാൽ വാണിജ്യ നികുതി വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇത് സംബന്ധിച്ച വിവരങ്ങളും റിപ്പോർട്ടുകളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ